©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ആഗസ്റ്റ് 3<br>3rd August 2021<br>1196 കർക്കടകം 18<br>18th Karkadakam 1196<br>1943 ശ്രാവണം 12<br>12th Sravana 1943 | നമ്പർ<br>No. **31** |

## PART III

# Commissionerate of Land Revenue

## Kunnathoor Taluk

പരസ്യം

നമ്പർ എ3-4581/2021. 2021 ജൂൺ 24.

കുന്നത്തൂർ താലൂക്കിൽ പോരുവഴി വില്ലേജിൽ കമ്പലടി മുറിയിൽ, ശ്രീനിലയം വീട്ടിൽ ഗംഗാധരൻ നായർ 20-12-2004-നും ഭാര്യ ലക്ഷ്മിക്കുട്ടിയമ്മ 3-4-2021-നും മരണമടഞ്ഞതിനാൽ പരേതരുടെ പേരിലുള്ള വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റിനു വേണ്ടി പരേതരുടെ മകൻ ശ്രീജിത്ത് അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. ഈ അപേക്ഷയിൻമേൽ പോരുവഴി വില്ലേജാഫീസർ മുഖാന്തിരം നടത്തിയ അന്വേഷണത്തിലും അവകാശ വിചാരണയിലും അയൽസാക്ഷി മൊഴിയിലും മരണസർട്ടിഫിക്കറ്റ് പ്രകാരവും ഗംഗാധരൻ നായർ 20-12-2004-നും ഭാര്യ ലക്ഷ്മിക്കുട്ടിയമ്മ 3-4-2021-നും മരണമടഞ്ഞതായും പരേതരുടെ അവകാശികളായി ചുവടെ ചേർക്കുന്നവർ മാത്രമാണുള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതരുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ശ്രീജി | മകൻ | 45 |
| 2 | ശ്രീജിത്ത് | മകൻ | 43 |

(പരേതരുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.)

മരണമടഞ്ഞ ഗംഗാധരൻ നായർ-ലക്ഷ്മിക്കുട്ടിയമ്മ ദമ്പതികളുടെ നിയമാനുസൃത അവകാശികൾ മേൽപ്പറഞ്ഞിരിക്കുന്ന 1-ഠ 2-ഠ കക്ഷികൾ മാത്രമാണെന്ന് വിവരിച്ച് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപ മുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധം ചെയ്യുന്ന തീയതി മുതൽ 30 ദിവസത്തിനകം കുന്നത്തൂർ തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട സമയപരിധി കഴിഞ്ഞും തപാലിലും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കുന്നത്തൂർ. തഹശീൽദാർ.

---

## Pathanapuram Taluk

പരസ്യം

(1)

നമ്പർ എൻ2-4110/2021. 2021 ജൂലൈ 13.

പത്തനാപുരം താലൂക്കിൽ വിളക്കുടി വില്ലേജിൽ ഇളമ്പൽ എന്ന സ്ഥലത്ത് കലങ്ങും മുഖത്ത് വീട്ടിൽ ജമാലുദീൻ അബ്ദുൾ റഹ്മാൻ 19-5-2021-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. ഫെഡറൽ ബാങ്കിന്റെ ഇളമ്പൽ ശാഖയിൽ ഹാജരാക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ കമറുബാൻ ബീവി സമർപ്പിച്ച അപേക്ഷയിന്മേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ അനന്തരാവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | കമറുബാൻ ബീവി | ഭാര്യ | 59 |
| 2 | ഷാനവാസ്, ജെ. | മകൻ | 40 |
| 3 | സക്കീർ ഹുസ്സയിൻ | ,, | 37 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. ആയതിനാൽ ക്രമനമ്പർ 1 മുതൽ 3 വരെ കക്ഷികൾ പരേതന്റെ അനന്തരാവകാശികളാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പത്തനാപുരം തഹശീൽദാർ മുമ്പാകെ രേഖകൾ സഹിതം നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽ മാർഗ്ഗം ലഭിക്കുന്നതുമായ ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ എൻ2-4070/2021. 2021 ജൂലൈ 13.

പത്തനാപുരം താലൂക്കിൽ വിളക്കുടി വില്ലേജിൽ കുന്നിക്കോട് എന്ന സ്ഥലത്ത് അരുണാലയം വീട്ടിൽ എം. കൃഷ്ണസ്വാമി ചെട്ടിയാർ 18-2-2021-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. പരേതന്റെ പേരിലുള്ള വിവിധ ബാങ്കുകളിലെ അക്കൗണ്ട് തീർപ്പാക്കുന്നതിനും സർവ്വീസ് ആനുകൂല്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുംവേണ്ടി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ മകൻ അരുൺ, കെ. സമർപ്പിച്ച അപേക്ഷയിന്മേൽ ബന്ധപ്പെട്ട വില്ലേജോഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ അവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | പൊന്നമ്മ, എസ്. | ഭാര്യ | 75 |
| 2 | അരുൺ, കെ. | മകൻ | 44 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. ആയതിനാൽ ക്രമനമ്പർ 1-ഠ 2-ഠ കക്ഷികൾ പരേതന്റെ അനന്തരാവകാശികളാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പത്തനാപുരം തഹശീൽദാർ മുമ്പാകെ രേഖകൾ സഹിതം നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽ മാർഗ്ഗം ലഭിക്കുന്നതുമായ ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
പത്തനാപുരം. തഹശീൽദാർ.



Salim A
Digitally signed by Salim A
Date: 2021.09.20 18:08:21 +05'30'